കേരള സർക്കാർ

നം.ആർ.എ 1/337/2020-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:12.02.2021

## പരിപത്രം

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് അപേക്ഷ സമർപ്പിക്കുന്ന ദിവസംതന്നെ പെർമിറ്റ് അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ 22.10.2020-ലെ LM-103/2019-1LIFE(3) നമ്പർ കത്ത്

2. മുഖ്യ നഗരാസൂത്രകന്റെ 23.11.2020-ലെ TCPCTP/1923/2020-E3 നമ്പർ കത്ത്

*******************************************

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കേണ്ട കെട്ടിട നിർമ്മാണ പെർമിറ്റിന് സാധാരണ നിലയിൽ കാലതാമസം നേരിടുന്ന സാഹചര്യം നിലവിലുള്ളതിനാൽ ലൈഫ് ഭവന പദ്ധതിയിൽ അർഹരായി കണ്ടെത്തിയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കേണ്ട ബിൽഡിംഗ് പെർമിറ്റ് വൺ ടൈം ബിൽഡിംഗ് പെർമിറ്റായി അനുവദിക്കുന്നതിന് നിർദ്ദേശം നല്കണമെന്ന് സൂചന (1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ആവശ്യത്തിന്മേൽ സൂചന (2) പ്രകാരം മുഖ്യനഗരാസൂത്രകൻ അഭിപ്രായം അറിയിച്ചിരുന്നു.

ലൈഫ് മിഷൻ ചിഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ ആവശ്യത്തിന്റെയും മുഖ്യനഗരാസൂത്രകന്റെ അഭിപ്രായത്തിന്റെയും വെളിച്ചത്തിൽ, ലൈഫ് ഭവന പദ്ധതിയിൽ അർഹരായി കണ്ടെത്തിയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കേണ്ട നിർമ്മാണ പെർമിറ്റിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ചട്ടം അനുശാസിക്കുന്ന രേഖകൾ പ്ലാനുകൾ എല്ലാം ഉൾക്കൊള്ളുന്ന പക്ഷം ടി ചട്ടങ്ങളിലെയും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, തീരദേശ പരിപാലന നിയമം ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ആക്റ്റുകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ സമർപ്പിക്കുന്ന ദിവസംതന്നെ പെർമിറ്റ് അനുവദിക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കുന്നു.

**ബിശ്വനാഥ് സിൻഹ ഐ.എ.എസ്.**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ ) വകുപ്പ്, തിരുവനന്തപുരം
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
3. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
4. മുഖ്യനഗരാസൂത്രകൻ (വിജിലൻസ്), തിരുവനന്തപുരം
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, പി.ടി.സി. ടവേഴ്സ്, എ.എസ്. കോവിൽ റോഡ്, തിരുവനന്തപുരം
6. റീജ്യണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് (കൊല്ലം/ എറണാകുളം/ കോഴിക്കോട്)
7. എല്ലാ ജില്ലാ നഗരാസൂത്രകർക്കും (മുഖ്യനഗരാസൂത്രകൻ മുഖേനെ)
8. എല്ലാ നഗരസഭ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ ) വകുപ്പ്) മുഖേനെ
9. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് മുഖേനെ)

10. എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

11. വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി )

12. തദ്ദേശ സ്വയംഭരണ (ആർഎ 2/ആർഎ 3/ആർബി/ആർഡി) വകുപ്പ്

13. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ